**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 782** **06-12-2022 - ൽ മറുപടിയ്ക്ക്**

**ജപ്തി നടപടി കാരണം പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് ഉദ്യോഗസ്ഥർ ജപ്തി ബോർഡ് വെച്ചതിന്റെ മനോവിഷമത്തിൽ കൊല്ലം ശൂരനാട് സ്വദേശിയായ പെൺകുട്ടി ജീവനൊടുക്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ കുടിശ്ശികയായതിനെ തുടർന്ന് ശ്രീ.അജികുമാർ, അജിഭവനം, തൃക്കുന്നപ്പുഴ വടക്ക്, കക്കാക്കുന്ന് പി.ഒ, ശൂരനാട് സൗത്ത് എന്ന വ്യക്തിയ്ക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ബാധ്യത തീർക്കാത്ത സാഹചര്യത്തിൽ ബാങ്ക് സർഫാസി നടപടികൾ ആരംഭിച്ചതായും പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതായും തുടർന്ന് 20.09.2022 ൽ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് പ്രതീകാത്മകമായി സ്ഥലം ഏറ്റെടുക്കൽ നോട്ടീസ് പതിയ്ക്കുകയായിരുന്നെന്നും അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ കുടിശ്ശികയായതിനെ തുടർന്ന് ശ്രീ.അജികുമാർ, അജിഭവനം, തൃക്കുന്നപ്പുഴ വടക്ക്, കക്കാക്കുന്ന് പി.ഒ, ശൂരനാട് സൗത്ത് എന്ന വ്യക്തിയ്ക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ബാധ്യത തീർക്കാത്ത സാഹചര്യത്തിൽ ബാങ്ക് സർഫാസി നടപടികൾ ആരംഭിച്ചതായും പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതായും തുടർന്ന് 20.09.2022 ൽ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് പ്രതീകാത്മകമായി സ്ഥലം ഏറ്റെടുക്കൽ നോട്ടീസ് പതിയ്ക്കുകയായിരുന്നെന്നും അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (സി) | വായ്പക്കാരനോ നോമിനിയോ അറിയാതെ വീടിനുമുന്നിൽ ജപ്തി ബോർഡ് വയ്ക്കുന്നത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; | (സി) | സർഫാസി നിയമം വകുപ്പ് 13(4) പ്രകാരം ആതറൈസ്ഡ് ആഫീസർ ജാമ്യവസ്തുവിന്റെ symbolic possession ഏറ്റെടുക്കുന്നതിനായിട്ടാണ് |

| | | | |
|---|---|---|---|
| | | | നിയമാനുസൃതമായ സമയക്രമം പാലിച്ച് ടി നോട്ടീസ് പ്രദർശിപ്പിച്ചിട്ടുള്ളത്. |
| (ഡി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ച് തികഞ്ഞ അവധാനതയും ജാഗ്രതയും പുലർത്തി മാത്രമേ റിക്കവറി നടപടികൾ സ്വീകരിക്കാവൂ എന്ന കർശന നിർദ്ദേശം ബാങ്കിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ